പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1876 — 16.06.2014 ൽ മറുപടിക്ക്

## സ്വകാര്യബസ്സുകളിലെ പോലീസുകാരുടെ അനധികൃതയാത്ര

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.കെ.ലതിക | | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സ്വകാര്യബസ്സുകളിൽ ടിക്കറ്റ്ചാർജ് കൊടുക്കാതെ സൗജന്യയാത്ര നടത്തുന്ന പോലീസുകാരെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് സിറ്റിയിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | റിനീഷ് ബാബു. കെ.വി, കീരീന്റെവളപ്പിൽവീട്, പുറങ്കര, വടകരബീച്ച്പി.ഒ, എന്ന സ്വകാര്യ ബസ് കണ്ടക്ടർ കോഴിക്കോട് നടക്കാവ് പോലീസിനെക്കുറിച്ച് നൽകിയ പരാതിയിൽ എന്തൊക്കെ നടപടിസ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ അന്വേഷിക്കുന്നതിനായി കോഴിക്കോട് നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. അത് അന്വേഷണാവസ്ഥയിലാണ്. |
| (സി) | സ്വകാര്യ ബസ്സുകളിൽ അനധികൃതമായി സൗജന്യയാത്ര നടത്തുന്ന പ്രവണത പോലീസ്ഉദ്യോഗസ്ഥരിൽ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ